# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 16 | 2016 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalaprd

### 18 മലകൾക്കും ദേവതകൾക്കുമായി പടിപൂജ; ബുക്കിംഗ് 2033 വരെ

ശബരിമല: ശബരിമല അയ്യപ്പൻെറ പൂങ്കാവനത്തിന് ചുറ്റുമുള്ള 18 മലകളിലെ ദേവതകളെയും തൊഴുതു കൊണ്ടുള്ള വിശിഷ്ട പൂജയാണ് പതിനെട്ടാംപടിയിൽ നടത്തുന്ന പടിപൂജ. 18 മലകളെയും അതിലെ എല്ലാ ദേവതകളെയും തൊഴുക എന്ന സങ്കൽപത്തിലാണ് പടിപൂജ ചെയ്യുന്നതെന്ന് ശബരിമല ക്ഷേത്രം തന്ത്രി കണ്ഠര് രാജീവര് പറഞ്ഞു. മണ്ഡല-മകരവിളക്ക് കാലത്ത് വഴിപാടായി പടിപൂജ നടത്തുന്നില്ല. ഇതിനായി രണ്ടു മണിക്കൂറോളം പതിനെട്ടാം പടിയിലേക്കുള്ള പ്രവേശനം തടഞ്ഞുനിർത്തേണ്ടി വരുമെന്നതിലാണിത്. മകര വിളക്ക് കഴിഞ്ഞ് ജനുവരി 16, 17, 18, 19 തീയതികളിൽ പടിപൂജ നടത്തുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. സന്ധ്യ ദീപാരാധനയ്ക്ക് ശേഷമാണ് പടിപൂജ. 75,000 രൂപയാണ് പടിപൂജയുടെ നിരക്ക്. പത്ത് പേർക്ക് പ്രത്യേക ദർശനവും ലഭിക്കും. പടിപൂജ വഴിപാടിന് 2033 വരെ ബുക്കിംഗുണ്ട്.

അയ്യപ്പ വിഗ്രഹം പൂക്കളായും മാലകളാലും അലങ്കരിക്കുന്നതിനൊപ്പം ശ്രീകോവിലും മാലകളാൽ അലങ്കരിക്കുന്ന വഴിപാടാണ് പുഷ്പാലങ്കാരം. അഞ്ചു പേർക്ക് പ്രത്യേക ദർശനത്തിന് സൗകര്യമുണ്ടാവും. അലങ്കാരത്തിന് വേണ്ട പൂക്കൾ ദേവസ്വം ബോർഡ് ഏർപ്പാടാക്കും. 50,000 രൂപയാണ് പുഷ്പാലങ്കാരത്തിൻെറ നിരക്ക്.

അയ്യപ്പ വിഗ്രഹം ആയിരം കുടങ്ങളിൽ തീർഥം കൊണ്ട് അഭിഷേകം ചെയ്യുന്ന ചടങ്ങാണ് സഹസ്രകലശം. 40,000 രൂപയാണ് ഈ വഴിപാടിൻെറ നിരക്ക്. സ്വാമിക്ക് പ്രഭാതം മുതൽ പ്രദോഷം വരെ 18 പൂജകൾ ചെയ്യുന്ന പൂജയാണ് ഉദയാസ്തമന പൂജ. 40,000 രൂപയാണ് വഴിപാട് നിരക്ക്. ഉത്സവ കാലങ്ങളിൽ സ്വാമി വിഗ്രഹത്തിൻെറ സാന്നിധ്യത്തിൽ നടത്തുന്ന ഉത്സവബലിയാണ് മറ്റൊരു വിശേഷാൽ പൂജ. 30,000 രൂപയാണിതിൻെറ നിരക്ക്.

പൂക്കൾ കൊണ്ട് ഭഗവാനെ അഭിഷേകം ചെയ്യുന്ന ചടങ്ങായ പുഷ്പാഭിഷേകം ഒരുപാട് പേർ ഉദ്ദിഷ്ട കാര്യത്തിനും കാര്യസിദ്ധിക്കും വേണ്ടി ചെയ്യുന്നു. ഈ വഴിപാട് മുൻകൂട്ടി ബുക്ക് ചെയ്യണമെന്നില്ല. സമയത്ത് ചെയ്താലും മതി. 10,000 രൂപയാണ് വഴിപാട് നിരക്ക്.

തങ്ക അങ്കിച്ചാർത്ത് (9,000 രൂപ), ലക്ഷാർച്ചന (8,000 രൂപ), കളഭാഭിഷേകം (6,000 രൂപ), അഷ്ടാഭിഷേകം (5,000 രൂപ), വെള്ളി അങ്കിചാർത്ത് (5,000 രൂപ), നിത്യപൂജ (3,000 രൂപ), ഉഷഃപൂജ (2,500 രൂപ) എന്നിവയാണ് സന്നിധാനത്തെ മറ്റു വിശേഷാൽ പൂജകൾ. ഭഗവതി സേവ (2,000 രൂപ), മഞ്ഞൾ പൂജ (300 രൂപ) എന്നിവയാണ് മാളികപ്പുറത്തെ വിശേഷാൽ പൂജകൾ.

## ഹൃദയാഘാതം: സന്നിധാനത്ത് തീർഥാടക മരിച്ചു

ശബരിമല: തീർഥാടക ഹൃദയാഘാതം മൂലം മരിച്ചു. കോട്ടയം കുഴിമറ്റം സ്വദേശി സുകുമാരി(60)യാണ് വെള്ളിയാഴ്ച പുലർച്ചെ 5.45ഓടെ സന്നിധാനം ഗവ. ആശുപത്രിയിൽ മരിച്ചത്. മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോയി.

## 24ാം വർഷം പമ്പയിലും സന്നിധാനത്തും

## ഭക്തിഗാനമാലപിച്ച് ശിവശക്തി കോടനാട്

ശബരിമല: പെരുമ്പാവൂർ കോടനാട് ശിവശക്തി ട്രൂപ്പ് തുടർച്ചയായി 24ാം വർഷവും പമ്പയിലും സന്നിധാനത്തും ഭക്തിഗാനഗംഗ അവതരിപ്പിച്ചു. ശിവശക്തി നാരായണൻെറ നേതൃത്വത്തിലുള്ള സംഘമാണ് ഈ മണ്ഡലകാലത്തും പതിവുപോലെ സംഗീത ഉപകരണങ്ങളുമായി മല കയറി ഭക്തിഗാനാർച്ചന നടത്തിയത്. ഡോ. നന്ദകുമാർ, ജയൻ എന്നിവരാണ് കൂടെ പാടിയത്. തബല ജയിംസ്, ഗഞ്ചിറ മാധവൻ, മുഖർശംഖ് അരുൺ കുമാർ, ഇലത്താളം റോയൽ ശശി എന്നിവരായിരുന്നു പിന്നണിയിൽ. ഗാനാർച്ചനയ്ക്കു ശേഷം അരങ്ങേറിയ അരുൺകുമാറിൻെറ ദേവീനൃത്തം ആസ്വാദക ശ്രദ്ധ പിടിച്ചുപറ്റി



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
| --- | --- |
| DECEMBER 16 | 2016 |

## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

### സന്നിധാനം അന്നദാനമണ്ഡപത്തിൽനിന്ന്

### ഭക്ഷണം കഴിച്ചത് ഏഴുലക്ഷം പേർ

ശബരിമല സന്നിധാനത്തെ ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപത്തിൽനിന്ന് മണ്ഡല തീർഥാടന കാലത്ത് ഇതുവരെ ഏഴു ലക്ഷം പേർ ഭക്ഷണം കഴിച്ചെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. ദേവസ്വം ഗസ്റ്റ് ഹൗസിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു ദിവസം സന്നിധാനത്ത് 30,000 പേർ അന്നദാനമണ്ഡപത്തിൽനിന്ന് ഭക്ഷണം കഴിക്കുന്നുണ്ട്. പ്രതിദിനം ഒരു ലക്ഷം രൂപയാണ് അന്നദാനത്തിലേക്ക് ലഭിക്കുന്ന സംഭാവന. ഇതുവരെ 30 ലക്ഷം രൂപയിൽ കൂടുതൽ അന്നദാനം സംഭാവന ലഭിച്ചു. ലോകത്തെ ഏറ്റവും വലിയ അന്നദാനപ്പുര ശബരിമലയിലേതാകണമെന്നാണ് ദേവസ്വം ബോർഡ് ആഗ്രഹിക്കുന്നത്. ജീവനക്കാരുടെ മെസിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആക്ഷേപം ദേവസ്വം ബോർഡ് ഗൗരവമായെടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മെസ് സന്ദർശിച്ച് പരിശോധന ന

ടത്തി. ഇവിടെ ഓരോ നേരവും നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. പരാതികൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ വയ്ക്കാനും പരാതിപ്പെട്ടി സ്ഥാപിക്കാനും നിർദേശം നൽകി. അന്നദാനമണ്ഡപത്തിലെ ഭക്ഷണ വിതരണം ഏവരുടേയും പ്രശംസ പിടിച്ചുപറ്റിയിട്ടുള്ള സാഹചര്യത്തിൽ ജീവനക്കാരുടെ ഭക്ഷണവും ഇവിടെനിന്നാക്കുന്ന കാര്യം പരിഗണിക്കും. അന്നദാനമണ്ഡപത്തിലെ സീറ്റുകളുടെ എണ്ണം 1500ൽ നിന്ന് 5000 ആയി ഉയർത്തുന്നതിന് ശബരിമല ഉന്നതാധികാര സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

സുഖദർശനം ഉറപ്പുവരുത്താൻ ദേവസ്വം ബോർഡിന് കഴിഞ്ഞു. ശബരിമല ക്ഷേത്രം കൂടുതൽ നാൾ തുറക്കാൻ കഴിയാത്തതു പരിഗണിച്ചാണ് ദർശന സമയം വർധിപ്പിച്ചത്. ഇതുപ്രകാരം പുലർച്ചെ മൂന്നിന് നട തുറന്ന് ഉച്ചയ്ക്ക് ഒന്നിന് നട അടയ്ക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് നട തുറന്ന് രാത്രി 11ന് നട അടയ്ക്കും. നെയ്യഭിഷേകത്തിനും പ്രത്യേക ക്രമീകരണമൊരുക്കി. നെയ്ത്തോണിയിലെ നെയ്യ് ഉപയോഗിച്ചാണ് രാവിലെ 11ന് അഭിഷേകം നടത്തുന്നത്. ഈ നെയ്യ് 200 മില്ലി വീതം അയ്യപ്പന്മാർക്ക് ലഭ്യമാക്കുന്നുമുണ്ട്. നെയ്യഭിഷേകത്തിനുള്ള നീണ്ട ക്യൂ ഒഴിവാക്കുന്നതിനും അയ്യപ്പന്മാർക്ക് വിശ്രമിക്കുന്നതിനുമായി 1000 കസേരകൾ സജ്ജമാക്കി. പോലീസ് ഉദ്യോഗസ്ഥർ തിരക്ക് നിയന്ത്രിക്കുന്നതിനിടെ അയ്യപ്പന്മാരോട് സൗമ്യമായി പെരുമാറണമെന്ന് നിർദേശിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വിമുക്ത ശബരിമലയെന്ന കോടതി നിർദേശം നടപ്പാക്കുന്നതിന് ദേവസ്വം ബോർഡ് ശക്തമായ നിലപാടാണ് എടുത്തത്. ഇതിന്റെ ഫലമായി ശബരിമലയെ 90 ശതമാനത്തോളം പ്ലാസ്റ്റിക് മുക്തമാക്കാൻ സാധിച്ചു. ശീതളപാനീയത്തിന്റെ ഒഴിഞ്ഞ ടിന്നുകൾ സന്നിധാനത്തുനിന്നു ശേഖരിച്ച് നീക്കം ചെയ്യുന്നതിന് ഉടൻ നടപടിയെടുക്കും.

ശബരിമലയിലേക്ക് പാത്രം വാങ്ങിയതിൽ അഴിമതിയുണ്ടായെന്ന പത്രവാർത്തയെ തുടർന്ന് ബോർഡ് അംഗം കെ. രാഘവൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം അന്വേഷിക്കാൻ ദേവസ്വം വിജിലൻസിനെ ചുമതലപ്പെടുത്തി. ആവശ്യമെങ്കിൽ അന്വേഷണം സംസ്ഥാന വിജിലൻസിന് കൈമാറാനും ദേവസ്വം ബോർഡ് തയാറാണ്. തെറ്റുകൾ ചൂണ്ടിക്കാട്ടിയാൽ തിരുത്താൻ ദേവസ്വം ബോർഡ് തയാറാണ്. ഞുണങ്ങാറിലെ തടയണയിൽ കെട്ടി

ക്കിടക്കുന്ന മലിനജലം നീക്കം ചെയ്തു ശുദ്ധീകരിക്കാൻ ശബരിമല ഉന്നതാധികാര സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. പമ്പയും ശബരിമലയും ശരണപാതകളും മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇന്ന് ഏറെ ശുചിത്വമുള്ളവയാണ്. റോഡ് അപകടങ്ങൾ വർധിച്ച സാഹചര്യത്തിൽ സേഫ്സോൺ പദ്ധതി കൂടുതൽ ശക്തമാക്കണമെന്ന് നിർദേശിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## വരുമാനത്തിൽ 14 കോടി രൂപയുടെ വർധനവ്

ശബരിമല: ശബരിമലയിൽ മണ്ഡല-മകരവിളക്ക് ഉത്സവത്തിൻെറ 30-ാം ദിവസം പിന്നിട്ടപ്പോൾ വരുമാനത്തിൽ 14 കോടി രൂപയുടെ വർധനവുണ്ടായതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പ്രയാർ ഗോപാലകൃഷ്ണൻ അറിയിച്ചു. കഴിഞ്ഞ വർഷം ഡിസംബർ 16 ന്  വരവ് 93,0665675 രൂപയായിരുന്നത്  ഈ വർഷം 107,25,77927  രൂപയായി വർധിച്ചു. 14,19,12252 രൂപയുടെ വരുമാന വർധനയാണ് ഉണ്ടായിട്ടുള്ളത്.

അരവണ വരുമാനം 47,60,98610 രൂപയായി. മുൻവർഷമിത് 35,57,72460 രൂപയായിരുന്നു. അപ്പം വരുമാനം 8,92,13980 രൂപയായി. മുൻവർഷമിത് 7,42,46520 രൂപയായിരുന്നു. കാണിക്ക വരുമാനം 35,13,47,584 രൂപയായി. മുൻ വർഷമിത് 34,15,39,062 രൂപയായിരുന്നു. അഭിഷേക വരുമാനം 1,033,7918 രൂപയായി. മുൻവർഷമിത് 93,85,215 രൂപയായിരുന്നു.

## പമ്പാ സംഗമം ജനുവരി എട്ടിന്

## ഗവർണർ ഉദ്ഘാടനം ചെയ്യും

ശബരിമലയെ ദേശീയ തീർഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കുകയെന്ന ലക്ഷ്യത്തിൽ സംഘടിപ്പിക്കുന്ന പമ്പാ സംഗമം ജനുവരി എട്ടിന് സംസ്ഥാന ഗവർണർ പി. സദാശിവം ഉദ്ഘാടനം ചെയ്യുമെന്ന് തിരു

വിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. കേരളത്തിലെയും മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും മന്ത്രിമാരെ പരിപാടിയിലേക്ക് ക്ഷണിക്കും. 30 രാജ്യങ്ങളിലെ പ്രതിനിധികൾ കഴിഞ്ഞ വർഷത്തെ പമ്പാ സംഗമത്തിൽ പങ്കെടുത്തിരുന്നു. ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിശ്വ അയ്യപ്പ സമ്മേളനം മധ്യകേരളത്തിൽ ഫെബ്രുവരി മാസം നടത്തും. മകരവിളക്ക് ദിവസം പൊതു അവധി നൽകണമെന്ന് സർക്കാരിനോട് അഭ്യർഥിക്കുമെന്നും പ്രസിഡന്റ് പറഞ്ഞു.

## പുണ്യം പൂങ്കാവനത്തിന്റെ ലക്ഷ്യം

## ഉത്തരവാദിത്ത തീർത്ഥാടനം

ശബരിമല: ബോധ്യവും ഉത്തരവാദിത്വവുമുള്ള തീർത്ഥാടനം എന്നതാണ് പുണ്യം പൂങ്കാവനം പദ്ധതി മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യമെന്ന് പുണ്യംപൂങ്കാവനം പദ്ധതി നോഡൽ ഓഫീസർ പി. വിജയൻ പറഞ്ഞു. ശബരിമല ശുചീകരണം മാത്രമല്ല കൃത്യമായ ബോധവൽക്കരണ പരിപാടികളും ഈ വർഷം മുതൽ പുണ്യം പൂങ്കാവനം പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേവലമായ മാലിന്യനിർമ്മാർജ്ജനം മാത്രമല്ല പുണ്യം പൂങ്കാവനം ലക്ഷ്യമിടുന്നത്. ശബരിമലയും പരിസരവും വൃത്തിഹീനമാകാതെ നോക്കുന്ന ഒരു തീർത്ഥാടന സംസ്കാരത്തെ വീണ്ടെടുക്കുക കൂടിയാണ്. പലപ്പോഴും തീർത്ഥാടനത്തിന്റെ ലക്ഷ്യം എന്തെന്നുപോലും മറന്നുപോകുന്ന വിധത്തിൽ പെരുമാറുന്ന തീർത്ഥാടക സംഘങ്ങളെ ശബരിമലയിൽ കാണാം. ശബരിമലയിൽ ചെയ്യേണ്ട ആചാരങ്ങളെന്ത്, ചെയ്യരുതാത്തതെന്ത് എന്ന് തീർത്ഥാടകർക്ക് മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്. തന്ത്രിയും മേൽശാന്തിയും ഈ കാര്യങ്ങൾ ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ടെങ്കിലും ചുരുക്കം പേരിൽ മാത്രമാണത് എത്തുന്നത്. എന്നാൽ, ഇത് എല്ലാവരിലും എ

ത്തിയാൽ തിരുസന്നിധിയിൽ അടിയുന്ന മാലിന്യത്തിന് വലിയ അളവിൽ കുറവുണ്ടാകും.

പന്ത്രണ്ട് മെഗാഫോണുകളുപയോഗിച്ച് സന്നിധാനത്ത് ബോധവൽക്കരണ പരിപാടികൾ തുടങ്ങിക്കഴിഞ്ഞു. കേരളം, കർണാടക, ആന്ധ്രാ, തെലുങ്കാന, തമിഴ്നാട് എന്നിവിടങ്ങളിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് പുണ്യം പൂങ്കാവനം സെന്ററുകൾ മുഖേന ബോധവൽക്കരണം നടത്തും. ഇതിനായി മൂന്നു ചോദ്യങ്ങളും ഏഴ് കർമ്മങ്ങളും അടങ്ങുന്ന ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്യുന്നുണ്ട്. അയ്യപ്പസ്വാമിയുടെ പൂങ്കാവനമായ ശബരിമലയും പരിസരങ്ങളും വൃത്തഹീനമാക്കില്ലെന്ന് ഓരോ അയ്യപ്പഭക്തനും വ്രതാരംഭം മുതൽ പ്രതിജ്ഞയെടുക്കണം. ഗുരുസ്വാമിമാർ ഇക്കാര്യം അവരെ പഠിപ്പിക്കണം. തത്ത്വമസി അഥവാ അത് നീയാകുന്നു എന്ന ഉയർന്ന സങ്കല്പമാണ് ശബരിമല തീർത്ഥാടനത്തിന്റെ പൊരുൾ. ദൈവം നിന്റെ ഉള്ളിൽ തന്നെയാണെന്ന ഉദാത്തമായ സത്യം. അത് തിരിച്ചറിയുമ്പോൾ ശബരിമലയിൽ മാലിന്യം വലിച്ചെറിയാൻ ഒരു തീർത്ഥാടകനും തോന്നില്ല. അത്തരം ഒരു ബോധ്യത്തിലേക്കുള്ള യാത്ര കൂടിയാകണം ഈ തീർത്ഥാടനം എന്നാണ് അയ്യപ്പസ്വാമിയുടെ ഭക്തൻ എന്ന നിലയിലും പുണ്യം പൂങ്കാവനം എന്ന പദ്ധതിയുടെ നോഡൽ ഓഫീസർ എന്ന നിലയിലും തന്റെ അഭിപ്രായം എന്ന് പി. വിജയൻ പറഞ്ഞു.

സന്നിധാനത്തെ എല്ലാം വലിച്ചെറിയാനുള്ള ഇടമാക്കി മാറ്ററുതെന്ന പ്രചരണത്തിന് ഏറെ സ്വീകര്യത കിട്ടിയിട്ടുണ്ടെന്നും ശുചീകരണ പ്രവർത്തകർക്ക് അവരുടെ ജോലിയെപ്പറ്റി മതിപ്പും ആത്മാഭിമാനവും വളർത്താൻ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ശബരിമലയിലെ പോലീസ് സംവിധാനത്തിന്റെ ജോയിന്റ് കോ-ഓർഡിനേറ്റർകൂടിയായ പി. വിജയൻ മൂന്നു ദിവസം സന്നിധാനത്തുണ്ട്.

## തീർത്ഥാടക സുരക്ഷയ്ക്കായി നിശബ്ദം ഗോപി സെൽവം

ശബരിമല: തീർത്ഥാടനകാലം സുരക്ഷിതമായി നടക്കുന്നതിനായി നിശബ്ദമായി പ്രവർത്തിക്കുന്ന അസംഖ്യം പേരുടെ കൂട്ടത്തിലാണ് ഗോപി സെൽവം. വനംവകുപ്പിൻെറ കീഴിലെ പാമ്പുപിടിത്തക്കാരൻ. 45 സ്പീഷീസ് പാമ്പുകൾ കാണപ്പെടുന്ന പെരിയാർ കടുവ സംര

ക്ഷണ കേന്ദ്രത്തിനകത്തെ ശബരിമല സന്നിധാനത്തും പരിസരത്തു മായി തീർഥാടകരുടെ ഭീതിയകറ്റാൻ പാമ്പുകളെ പിടികൂടുകയാണ് ഗോപി സെൽവത്തിൻെറ ജോലി. മണ്ഡല കാലത്ത് ഇതുവരെ 150 ലേറെ പാമ്പുകളെ പിടികൂടി ഉൾക്കാട്ടിൽ വിട്ടയച്ചതായി ഗോപി സെൽവം പറഞ്ഞു. സന്നിധാനത്ത് പിടികൂടുന്ന പാമ്പുകളെ പാറമട ഭാഗത്താണ് വിടുന്നത്. പിടികൂടുന്നവയിൽ കൂടുതലും മൂർഖൻ, ശം ഖുവരയൻ, അണലി തുടങ്ങിയവയാണ്. പാണ്ടിത്താവളം, ഉരൽ ക്കുഴി, ശരംകുത്തി, മരക്കൂട്ടം, കൊപ്രക്കളം എന്നിവിടങ്ങളിൽനിന്നാ ണ് പാമ്പുകളെ കിട്ടാറ്.

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സ്വദേശിയായ ഗോപി സെൽവം ഇത് ആറാമത്തെ വർഷമാണ് വനം വകുപ്പിന് കീഴിൽ താൽക്കാലി ക ജീവനക്കാരനായി ശബരിമലയിൽ പാമ്പുപിടിത്തക്കാരൻെറ ജോ ലി ചെയ്യുന്നത്. ഇത്രയും വർഷക്കാലത്തെ സേവനത്തിനിടയിൽ ഒ രു പാട് പാമ്പുകളെ പിടികൂടിയെങ്കിലും ഒരു തീർഥാടകനു പോലും പാമ്പുകടിയേറ്റതായി അറിവില്ലെന്ന് ഇദ്ദേഹം പറയുന്നു. അഥവാ ക ടിയേറ്റാൽ ചികിത്സയ്ക്കുള്ള ആൻറിവെനം സന്നിധാനത്തെ ഗവ. ആശുപത്രിലുണ്ടെന്ന് ഗോപി സെൽവം പറഞ്ഞു.

പഞ്ചായത്തു വകുപ്പിൽ സ്വീപ്പർ തസ്തികയിൽ താൽക്കാലിക ജീവനക്കാരനായിരുന്ന ഈ 59 കാരൻ ഹൃദയവാൽവിന് അസുഖം ബാധിച്ചതിൻെറ അവശതയോടെയാണ് അയ്യപ്പ സേവയ്ക്കായി എല്ലാ വർഷവും സന്നിധാനത്ത് എത്തുന്നത്. ഹൃദ്രോഗത്തിന് കോട്ട യം മെഡിക്കൽ കോളജിലാണ് ചികിത്സിക്കുന്നത്. ഭാര്യ ലീലാമ്മ. മക്കൾ: രതീഷ്, രഞ്ജിത്ത് കുമാർ, ആശ.

വനം വന്യജീവി വകുപ്പിൻെറ ശബരിമല ഔട്ട്പോസ്റ്റിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ടി.എസ്. ലാലിൻെറ നേതൃത്വത്തി ലാണ് വനം വകുപ്പ് ജീവനക്കാർ സന്നിധാനത്ത് വനസംരക്ഷണ പ്ര വർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളും നടത്തുന്നത്.

**കളരിപ്പയറ്റ്**

സന്നിധാനത്തെ ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിൽ ഡിസംബർ 17ന് വൈകിട്ട് ആറിന് തിരുവനന്തപുരം ആറാമട മാരുതി കളരിസംഘം കളരിപ്പയറ്റ് അവതരിപ്പിക്കും. രാത്രി 7.30ന് തിരുവല്ല നാദം ഓർക്ക സ്ട്രയുടെ ഭക്തിഗാനസുധ.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.